(എഫ്) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-09-1997-ൽ 110 ഒഴിവുകളും 05-10-1999-ൽ 29 ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 15 എൻ.ജെ.ഡി. ഒഴിവുകൾ 15-10-1999, 15-11-1999 എന്നീ തീയതികളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് കാറ്റഗറിയിലേക്കുള്ള 10 ഒഴിവുകൾ 27-04-1999-ലും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 39 ഒഴിവുകൾ.

(ഡി) 22 എൻ.ജെ.ഡി. ഒഴിവുകൾ.

(ഇ) 54 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7 ഒഴിവുകൾ (എൻ.ജെ.ഡി) റിപ്പോർട്ട് ചെയ്യാനുണ്ട്.

(എഫ്) എൻ.ജെ.ഡി. ഒഴിവുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാലാണ് റിപ്പോർട്ട് ചെയ്യാൻ കഴിയാത്തത്.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ തോടിന്റെ അറ്റകുറ്റപ്പണികൾ

50(953) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ എളേറ്റിൽ ചുഴലിക്കര മാവിലോറ പാലക്കാമണ്ണിൽ തോടിന്റെ അടകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നടപടിക്രമം പൂർത്തീകരിച്ച് ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ തോടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പണിക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകി പണികൾ നടപ്പിലാക്കാനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

(ബി) എസ്റ്റിമേറ്റ് തുക 22 ലക്ഷം രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) സ്വീകരിക്കുന്നതാണ്.

കെ. ഐ. പി. യുടെ വകയാർ മുറിഞ്ഞകൽ റോഡ്

51(954) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-05-1991-ൽ ടെൻഡർ ചെയ്തിട്ടും ഇതുവരെ ഗതാഗതയോഗ്യമാക്കാൻ സാധിക്കാതിരുന്ന കെ.ഐ.പി.യുടെ വകയാർ മുറിഞ്ഞകൽ റോഡ് എന്നത്തേയ്ക്ക് റീടെൻണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ധനകാര്യവകുപ്പ് ഇതുമായി ബന്ധപ്പെട്ട് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടതിനനുസരിച്ച് നൽകിയ മറുപടിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) 10 വർഷമായിട്ടും ഈ റോഡ് ഗതാഗതയോഗ്യമാക്കുവാൻ കെ.ഐ.പി. തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഉദ്യോഗസ്ഥതലത്തിൽ ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ എവിടെയാണ് അറ്റകുറ്റപ്പണികൾക്ക് തടസ്സമുണ്ടായതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ റോഡ് നന്നാക്കാൻ കെ. ഐ. പി. എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ൻൽകുന്ന മുറയ്ക്ക് റീടെൻഡർ ചെയ്യുവാൻ സാധിക്കും.

(ബി) ധനകാര്യവകുപ്പിൽനിന്നും വിശദീകരണങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടുണ്ട്.

(സി) 10/92-ലും 11/92-ലും ഉണ്ടായ വെള്ളപ്പൊക്കത്തിൽ വർക്കിനു വേണ്ടി ശേഖരിച്ചിരുന്ന മെറ്റലും മറ്റ് അവശ്യസാധനങ്ങളും ഒലിച്ചുപോയി. അന്ന് ഡിപ്പാർട്ട്മെന്റിൽ ബിറ്റുമിനും ഇല്ലായിരുന്നു. വീണ്ടും മെറ്റൽ സപ്ലൈ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായതായി കാണുന്നില്ല. 04-10-1999-ൽ സ്ഥലം പരിശോധിച്ചപ്പോൾ, അയൽക്കൂട്ടം എന്ന പ്രാദേശിക സംവിധാനത്തിന്റെ കീഴിൽ ജനങ്ങൾ ബാക്കി കിടന്ന മെറ്റൽ താൽക്കാലികമായി അവിടെ അടിച്ചുറപ്പിച്ചതായിട്ടാണ് കാണാൻ കഴിഞ്ഞത്. അതിനാൽ മുഴുവൻ മെറ്റലും പുതുതായി ഇറക്കിയാൽ മാത്രമേ പണി ചെയ്യുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly